"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

YEARS OF CELEBRATING THE MAHATMA

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ജീവനക്കാര്യം - സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ക്ലിനിക് ലബോറട്ടറിയിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ ഡ്യൂട്ടിസമയം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1008/2020/ആ.കു.വ** തീയതി, തിരുവനന്തപുരം, 02/06/2020

---

പരാമർശം:- 1 12/06/1975 ലെ സ.ഉ.(കൈ) നം. 125/75/ആരോഗ്യം നമ്പർ സർക്കാർ ഉത്തരവ്.

2 ആരോഗ്യവകുപ്പ് ഡയറക്ടറുടെ 20.01.2020 ലെ ഒ & എം.4-43332/19/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

1. പരാമർശം (1) ഉത്തരവ് പ്രകാരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവൃത്തിസമയം രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് 2 മണി വരെയാണ്, പരിശോധനാഫലം നൽകുന്നത് രാവിലെ 8.30 മുതൽ 4 മണി വരെയും. ഡയറക്ടറുടെ സേവനം 9.30 മുതൽ 4.30 വരെ ആണെങ്കിലും മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലി സമയം 8.30 മുതൽ 2 വരെ ആയതിനാൽ ഭൂരിഭാഗം ആഫീസ് ജീവനക്കാരുടെ സേവനം ഡയറക്ടർക്ക് നേരിട്ട് ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുവെന്നും അത് ഭരണരംഗത്ത് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുവെന്നും ആയതിനാൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലി സമയം 9.30 പൂർവ്വാഹ്നം മുതൽ 4.30 അപരാഹ്നം വരെ നിജപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (2) ലെ കത്ത് പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിന്റെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രവൃത്തിസമയം നിലവിലെ 8.30 പൂർവ്വാഹ്നം മുതൽ അപരാഹ്നത്തിൽ 2 മണി വരെ എന്നതിൽ നിന്നും പൂർവ്വാഹ്നം 9.30 മുതൽ അപരാഹ്നം 4.30 വരെ എന്നാക്കി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ, ലാബിന്റെ പ്രവൃത്തിസമയം ആരംഭിക്കുന്ന രാവിലെ 8.30 മുതൽ പരിശോധനയ്ക്കെത്തുന്നവർക്ക് ഫീസ് അടക്കുന്നതിനും മറ്റുമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി ഒരു ക്യാഷ്യറുടെയും ഓഫിസ് അറ്റൻഡന്റിന്റെയും സേവനം എല്ലാ ദിവസവും രാവിലെ 8.30 മുതൽക്ക് തന്നെ ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ടവർക്ക് ഡ്യൂട്ടി നിശ്ചയിച്ചു നൽകുന്നതിനുള്ള അധികാരം പബ്ലിക് ഹെൽത്ത് ലാബ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

K NANDA KUMAR

**ജോയിന്റ് സെക്രട്ടറി**

പകർപ്പ്

ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ

ഡയറക്ടർ, സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

കരുതൽ ശേഖരം/കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ